**നമ്പർ.ബി1/133/റ്റി.സി/2022.**

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ
തിരുവനന്തപുരം - 14.
[☎0471-2333337/2333317 ഫാക്സ് 0471 2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice.mvd@kerala.gov.in]
തീയ്യതി, 16/07/2022

പ്രേഷകൻ,
ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ,
റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്,
വയനാട്.

സർ,

വിഷയം : ***മോട്ടോർ വാഹന വകുപ്പ്*** – എക്സ് ആർമി ഓക്ഷൻ വെഹിക്കിൾ രജിസ്റ്റർ ചെയ്യുമ്പോൾ നികുതി സ്വീകരിക്കുന്നതും, അത്തരത്തിലുള്ള വാഹനങ്ങൾക്ക് രജിസ്ട്രേഷൻ കാലാവധി അനുവദിക്കുന്നതും – മറുപടി നൽകുന്നത് – സംബന്ധിച്ച്.
–
സൂചന : താങ്കളുടെ 20/04/2022 തീയതിയായ കത്ത്.
–

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 47 അനുസരിച്ച് ഒരു എക്സ് ആർമി വാഹനം രജിസ്റ്റർ ചെയ്യുന്നതിന് Form 20 അപേക്ഷയോടൊപ്പം ബന്ധപ്പെട്ട അതോറിറ്റിയിൽ നിന്നുള്ള Form 21 പ്രകാരമുള്ള sale certificate-ഉം ഹാജരാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. മാത്രമല്ല Form 21–ൽ തന്നെ പ്രസ്തുത ഫാറം നൽകുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ളത് വാഹന ഡീലർ/നിർമ്മാതാവ്/ഡിഫൻസ് വകുപ്പ് എന്നിവരെയാണ്.

1988-ലെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 41(6) അനുസരിച്ച് ഒരു വാഹനം രജിസ്റ്റർ ചെയ്താൽ നൽകുന്ന certificate of registration -ന്റെ കാലാവധി 15 വർഷം അല്ലെങ്കിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള കാലയളവ് എന്നാണ്. എക്സ് ആർമി വാഹനങ്ങൾക്ക് കേന്ദ്ര സർക്കാർ പ്രത്യേക കാലാവധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ഇത്തരം വാഹനങ്ങൾക്ക് 15 വർഷം കാലാവധി അനുവദിക്കേണ്ടതാണ്. മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത എക്സ് ആർമി വാഹനങ്ങൾക്ക് 15 വർഷത്തേയ്ക്കാണ് validity നൽകുന്നത്.

ഡിഫൻസ് ഡിപ്പാർട്ടുമെന്റ് വിൽക്കുന്ന വാഹനങ്ങൾക്ക് sale certificate (Form 21)-

ഉം Invoice (Purchase Invoice)- ഉം നൽകേണ്ടത് ഡിഫൻസ് ഡിപ്പാർട്ടുമെന്റാണ്. പ്രസ്തുത വിലയനുസരിച്ച് 15 വർഷത്തെ ഒറ്റത്തവണ നികുതിയും ഈടാക്കേണ്ടതാണ്.

Digitally signed by K MANOJKUMAR
Date:Sat Jul 16 16:41:03 IST 2022
Reason: Approved

വിശ്വസ്തതയോടെ,

Senior Deputy Transport Commissioner(tax) In Charge

ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

KCA/-

പകർപ്പ്:-

എല്ലാ ആർ.ടി.ഒ. മാർക്കും

എല്ലാ എൻഫോഴ്സ്മെന്റ് ആർ.ടി.ഒ. മാർക്കും

എല്ലാ ജോ. ആർ.ടി.ഒ. മാർക്കും.